7842
4/4/17

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പാലക്കാട് ജില്ല - 29.08.2016-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 486/2016/റവ - എന്ന സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി ആർ എഫ് ബി) വകുപ്പ്**

**ജി.ഒ.(എം.എസ്): 99/17/റവന്യൂ** **തിരുവനന്തപുരം, തീയതി: 01.04.2017**

പരാമർശം: 1. 29.08.2016-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 486/2016/റവ
2. പാലക്കാട് ജില്ലാ കളക്ടറുടെ 02/03/2017-ലെ ഡി8-2016/63256/9 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 -ലെ സർക്കാർ ഉത്തരവിൽ ക്രമ നമ്പർ (1) പ്രകാരം പാലക്കാട് ജില്ല, പാലക്കാട് താലൂക്ക്, കൊടുമ്പ് വില്ലേജ്, കൊടുമ്പ്. പി.ഒ., നെല്ലിക്കാട്, സ്മിജിൻ നിവാസിൽ ശ്രീമതി. കെ. രുഗ്മിണിയുടെ മകനായ സ്മിജിന്റെ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് 3.00.000/-രൂപ അനുവദിച്ചിരുന്നു. എന്നാൽ പരാമർശം 2-ലെ ജില്ലാ കളക്ടറുടെ കത്ത് പ്രകാരം അപേക്ഷകൻ ചികിത്സയിലിരിക്കെ, 13/09/2016 ന് മരണപ്പെട്ടുപോയെന്നും ആയതിനാൽ ടിയാന്റെ പേരിൽ അനുവദിച്ച ചികിത്സാധനസഹായം മാതാവായ ശ്രീമതി. രുഗ്മിണിയുടെ പേരിൽ നൽകണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

2) മേൽ സാഹചര്യത്തിൽ, പരാമർശം 1-ലെ സർക്കാർ ഉത്തരവിൽ ക്രമ നമ്പർ (1) പ്രകാരം ശ്രീ.സ്മിജിന്റെ പേരിൽ അനുവദിച്ച ധനസഹായം ടിയാന്റെ മാതാവായ ശ്രീമതി. രുഗ്മിണിയുടെ പേരിൽ അനുവദിച്ചുകൊണ്ട് പരാമർശത്തിലെ സർക്കാർ ഉത്തരവിൽ ഭാഗീകമായി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

3) മേൽ ഭേദഗതിയോടെ പ്രസ്തുത സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ എസ് ഷീന
സ്പെഷ്യൽ സെക്രട്ടറി

ജില്ലാ കളക്ടർ, പാലക്കാട് / ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പിന്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ